## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1228

10 .08.2017-ൽ
മറുപടിയ്ക്ക്

## ചെമ്പനോട വില്ലേജ് ഓഫീസിൽ കർഷകൻ ആത്മഹത്യ ചെയ്ത സംഭവത്തിൽ നടപടി

ചോദ്യം
ശ്രീ. ഷാഫി പറമ്പിൽ

മറുപടി
ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) ഭൂനികുതി സ്വീകരിക്കാത്ത അധികൃതരുടെ നടപടിയിൽ മനംനൊന്ത് കോഴിക്കോട് ജില്ലയിൽ ചെമ്പനോട വില്ലേജ് ഓഫീസിൽ കർഷകനായ കാവിൽ പുരയിടത്തിൽ ജോയി ആത്മഹത്യ ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഉദ്യോഗസ്ഥരുടെ അനുഭാവപൂർവ്വമല്ലാത്ത പെരുമാറ്റം മൂലം കർഷകൻ ആത്മഹത്യ ചെയ്തതിന് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) ചെമ്പനോട കർഷക ആത്മഹത്യയെ തുടർന്ന് ചെമ്പനോട വില്ലേജ് ഓഫീസർ ശ്രീ. സണ്ണി ടി. എ.-യേയും മുൻ വില്ലേജ് അസിസ്റ്റന്റ് ശ്രീ. സിലീഷ് തോമസിനേയും കോഴിക്കോട് ജില്ലാ കളക്ടർ അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതും മേൽ വിഷയം സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥനായി ശ്രീ. കൃഷ്ണൻകുട്ടി പി. പി. ഡെപ്യൂട്ടി കളക്ടർ (എൽ. ആർ) കോഴിക്കോടിനെ നിയോഗിച്ചിട്ടുള്ളതുമാണ്. കൂടാതെ, കോഴിക്കോട്, കൊയിലാണ്ടി താലൂക്ക് തഹസിൽദാരായ ശ്രീമതി. എൻ. റംലയ്ക്ക് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാ-ലയത്തിൽ നിന്നും നൽകിയിട്ടുള്ളതുമാണ്. |
| (സി) ആത്മഹത്യ ചെയ്ത കർഷകന്റെ ആശ്രിതന് സർക്കാർ ജോലി നൽകുമോ; | (സി) ആത്മഹത്യ ചെയ്ത കർഷകന്റെ ആശ്രിതന് സർക്കാർ ജോലി നൽകുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല. |

| | |
|---|---|
| (ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇതിനകം എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ? | (ഡി) 21/06/2017-ന് കോഴിക്കോട്, ചെമ്പനോട വില്ലേജ് ഓഫീസിൽ വച്ച് മരണപ്പെട്ട ജോയി എന്ന കെ. ജെ. തോമസിന്റെ കുടുംബത്തിന്റെ വായ്പാ ബാധ്യത തീർക്കുന്നതിനായി ചക്കിട്ടപ്പാറ സഹകരണ ബാങ്കിൽ നിന്നും എടുത്ത 13,16,856/- രൂപയും പൂഴിത്തോട് യൂണിയൻ ബാങ്കിൽ നിന്നും എടുത്ത വിദ്യാഭ്യാസ വായ്പ 3,31,346/- രൂപയും ചേർത്ത് ആകെ 16,48,202/-രൂപ (പതിനാറ് ലക്ഷത്തി-നാൽപ്പത്തിയെട്ടായിരത്തി ഇരുന്നൂറ്റി രണ്ട് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ